# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3621   11.12.2018-ൽ മറുപടിയ്ക്ക്.

## ഗ്രാമീണ റോഡുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. കെ.എൻ.എ ഖാദർ | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| പ്രളയത്തെ തുടർന്ന് തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടി പ്രവൃത്തികൾ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് 23.08.2018 ലെ സ.ഉ (സാധാ) നം.2313/2018/തസ്വഭവ പ്രകാരം അനുമതി നൽകുകയും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനായി ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാനത്ത് പ്രളയത്തിൽ കേടുപാട് സംഭവിച്ച പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 793.23 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ